സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാര്യം -- കമ്മീഷണർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറുകളിലെ പ്രൊമോഷൻ, സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 5600/22/Est-1(i)** നന്തൻകോട്, **02/06/2022**

---

പരാമർശം ഃ- 1) ദേവസ്വം കമ്മീഷണറുടെ 11-05-2022 ലെ ROC 75/21/Est-A നമ്പർ റിപ്പോർട്ട്.

2) 31-05-2022 ലെ മേൽ നമ്പർ ബോർഡ് തീരുമാനം..

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ഫിനാൻസ് കമ്മീഷണർ ശ്രീ. ഡി. സുധീഷ് കുമാർ 31-05-2022 ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒരൊഴിവ് ദേവസ്വം കമ്മീഷണർ കേഡറിൽ ഉണ്ടാകും . കൂടാതെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരായ ശ്രീ. വി. കൃഷ്ണകുമാര വാര്യർ, ശ്രീ. എസ്. അജിത്കുമാർ, ശ്രീ. കെ. ശ്രീലത എന്നിവർ 31.05.2022 -ൽ വിരമിച്ചിട്ടുള്ളതിനാൽ ടി കേഡറിൽ 4 ഒഴിവുകളും ഉണ്ടായിട്ടുള്ളതാണ്. ടി ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് ലഭിച്ച ദേവസ്വം കമ്മീഷണറുടെ പരാമർശം 1 റിപ്പോർട്ട് ബോർഡ് സസൂക്ഷ്മം പരിശോധിച്ചു.

2004 ലെ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ടി ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ തുടർ പ്രൊമോഷനുകൾ (ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ) ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികകളിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഇക്കാരണത്താൽ ഫിനാൻസ് കമ്മീഷണർ പോലെയുള്ള തസ്തികയിലെ ഒഴിവുകൾ നികത്താതിരിക്കുന്നത് ഡിപ്പാർട്ട്മെന്റ് ഭരണത്തെ സാരമായി ബാധിക്കുമെന്ന് ബോർഡ് വിലയിരുത്തി. ഇത്തരം സാഹചര്യങ്ങളിൽ താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന് KS&SSR ചട്ടം 31 (a) (i) ൽ വ്യവസ്ഥയുണ്ട്.

...2

ചട്ടപ്രകാരം നടപടിക്രമം പാലിച്ച് റഗുലർ പ്രൊമോഷനുകൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുമെന്ന സാഹചര്യത്തിൽ പുനക്രമീകരിച്ച സീനിയോരിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി പരാമർശം 1 നോടൊപ്പം ദേവസ്വം കമ്മീഷണർ തയ്യാറാക്കി സമർപ്പിച്ച ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ തസ്തികകളിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റുകളെ അടിസ്ഥാനപ്പെടുത്തി KS&SSR ചട്ടം 31 (a) (i) അനുസരിച്ച് ചുവടെ വിവരിക്കും പ്രകാരം പ്രൊവിഷണൽ പ്രൊമോഷനുകൾ അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്പെഷ്യൽ റൂൾസ് "Travancore Devaswom Board Offcers' & Servants' Service Rules 2022" ൽ കമ്മീഷണർ കേഡർ ആയി നിലനിർത്തിയിരിക്കുന്നത് തിരുവാഭരണം കമ്മീഷണർ തസ്തികയാണ്. ആയത് പരിഗണിച്ച് ഇപ്പോൾ കമ്മീഷണർ കേഡർ ആയ ഫിനാൻസ് കമ്മീഷണർ തസ്തിക ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയായി ഡൗൺഗ്രേഡ് ചെയ്തും (ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ), തിരുവാഭരണം കമ്മീഷണർ തസ്തിക കമ്മീഷണർ കേഡറിലേയ്ക്ക് അപ്ഗ്രേഡ് ചെയ്തും ഉത്തരവാകുന്നു.

## I. സ്ഥാനക്കയറ്റം (താൽക്കാലികം) ഃ കമ്മീഷണർ കേഡർ

(ശമ്പള സ്കെയിൽ : 85000-117600)

1. കമ്മീഷണർ കേഡറിലേക്ക് അപ്ഗ്രേഡ് ചെയ്തിട്ടുളള തിരുവാഭരണം കമ്മീഷണർ തസ്തികയിലേയ്ക്ക് നിലവിൽ പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി ജോലി നോക്കിവരുന്ന ശ്രീ ജി. ബൈജു -വിനെ കമ്മീഷണർ കേഡറിൽ 85000-2000-97000-2200-108000-2400-117600 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്യുന്നു.

## II. സ്ഥലം മാറ്റം

താഴെപ്പറയുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലെ ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥലം മാറ്റപ്പെട്ട സ്റ്റേഷൻ |
|---|---|---|
| 1. | ശ്രീ ബി എസ് ശ്രീകുമാർ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>ഫിനാൻസ് ഇൻസ്പെക്ഷൻ | ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ<br>(കമ്മീഷണർ കേഡറിൽ നിന്നും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിലേക്ക് ഡൗൺഗ്രേഡ് ചെയ്തു) |

| | | |
|---|---|---|
| 2. | ശ്രീ ബി മധുസൂദനൻ നായർ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>തിരുവനന്തപുരം | ഡയറക്ടർ,<br>സാംസ്ക്കാരിക പുരാവസ്തു വിഭാഗം |
| 3. | ശ്രീ. എച്ച്. കൃഷ്ണകുമാർ<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>(അഡ്മിനിസ്ട്രേഷൻ)<br>ദേവസ്വം കമ്മീഷണർ ഓഫീസ് | എക്സിക്യൂട്ടീവ് ഓഫീസർ<br>ശബരിമല |
| 4. | ശ്രീമതി പി കെ ലേഖ<br>ഡയറക്ടർ<br>സാംസ്ക്കാരിക പുരാവസ്തു<br>വിഭാഗം | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>(അഡ്മിനിസ്ട്രേഷൻ),<br>ദേവസ്വം കമ്മീഷണർ ആഫീസ് |
| 5. | ശ്രീമതി എസ് ശശികല<br>ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>(P&SGRC),<br>ദേവസ്വം കമ്മീഷണർ ഓഫീസ് | ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ<br>തിരുവനന്തപുരം |

## III. സ്ഥാനക്കയറ്റം (താൽക്കാലികം) : ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡർ (ശമ്പള സ്കെയിൽ : 68700-110400)

1. കൊട്ടാരക്കര ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീ. ബി. സുനിൽകുമാറിനെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ 68700-1650-72000-1800-81000-2000-97000-2200-108000-2400-110400 രൂപ ശമ്പളസ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്ത് പത്തനംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി നിയമിക്കുന്നു.
2. ഏറ്റുമാനൂർ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീ. വി. കൃഷ്ണകുമാറിനെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ 68700-1650- 72000- 800- 81000- 2000- 97000- 2200- 108000- 2400- 110400 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്ത്, വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആയി നിയമിക്കുന്നു.
3. ദേവസ്വം അക്കൗണ്ട്സ് ഓഫീസിലെ സൂപ്രണ്ട്, ശ്രീമതി.ജെ.ജെസ്സിയെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ 68700-1650- 72000- 800- 81000- 2000- 97000- 2200- 108000- 2400- 110400 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്ത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (P&SGRC) ആയി നിയമിക്കുന്നു.
4. മുണ്ടക്കയം ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീ.ആർ.എസ്.ഉണ്ണികൃഷ്ണനെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കേഡറിൽ 68700-1650- 72000- 800- 81000- 2000- 97000- 2200- 108000- 2400- 110400 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി പ്രൊമോട്ട് ചെയ്ത്, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് - ഇൻസ്പെക്ഷൻ) ആയി നിയമിക്കുന്നു.

ഖണ്ഡിക I, III എന്നിവയിൽ അനുവദിച്ചിട്ടുള്ള താൽക്കാലിക പ്രൊമോഷനുകൾ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ കേഡറുകളിലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിനും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ (DPC) അംഗീകാരത്തിനും വിധേയമായിരിക്കും.

പ്രസ്തുത ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്.

ഖണ്ഡിക II ൽ നിർദ്ദേശിച്ചിട്ടുള്ള ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റം (ഖണ്ഡിക II ൽ ക്രമ നമ്പർ 3) ബഹു: ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായിരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി